എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 4, ലക്കം 06 | 2023 ജൂൺ 05



# അംഗൻജ്യോതി പദ്ധതി; ഊർജകാര്യക്ഷമമായ വൈദ്യുതോപകരണങ്ങളുടെ വിതരണം

## ചിറ്റൂർ മണ്ഡലത്തിൽ മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു

**പാ**ലക്കാട് ജില്ലയിലെ ചിറ്റൂർ നിയോജകമണ്ഡലത്തിൽ അംഗൻജ്യോതി പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ഉപകരണവിതരണോദ്ഘാടനം 2023 മെയ് 27 ന് രാവിലെ 10:30 ന് നടന്നു. ചിറ്റൂർ നിയോജകമണ്ഡലത്തിലെ 226 അങ്കണവാടികളിലേക്കുള്ള ഊർജകാര്യക്ഷമമായ ഉപകരണങ്ങളുടെ വിതരണമാണ് ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് നടന്ന ചടങ്ങിൽ നടന്നത്. ചിറ്റൂർ എം.എൽ.എ.യും വൈദ്യുതി വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടി വിതരണോദ്ഘാടനം നിർവഹിച്ചു. ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. വി. മുരുകദാസ് അധ്യക്ഷത വഹിച്ചു. അനെർട്ട് സി.ഇ.ഒ. ശ്രീ. നരേന്ദ്രനാഥ് വേലൂരി ഐ.എഫ്.എസ്. സൗരോർജ പദ്ധതിയെ കുറിച്ച് സംസാരിച്ചു. ചിറ്റൂർ ബ്ലോക്കിലെ വിവിധ ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ജില്ലാ പഞ്ചായത്ത് മെമ്പർ തുടങ്ങിയവർ പദ്ധതിക്ക് ആശംസകൾ നേർന്ന് സംസാരിച്ചു. ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ സ്വാഗതവും, പാലക്കാട് ജില്ലാ വനിതാ-ശിശു വികസന ഓഫീസർ ശ്രീമതി. ടിജു റേച്ചൽ തോമസ് നന്ദിയും പറഞ്ഞു.

കേരളത്തിൽ 2050-ഓടെ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് അംഗൻ ജ്യോതി പദ്ധതി നടപ്പിലാക്കുന്നത്. സംയോജിത ശിശുവികസന പദ്ധതിയുടെ (ICDS) നിയന്ത്രണത്തിലുള്ള അങ്കണവാടികളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു അങ്കണവാടിയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രതിവർഷം പാചകവാതക ഇനത്തിൽ 9000 രൂപ ലാഭിക്കാനും 2 കിലോവാട്ട് ഓൺഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിലൂടെ വൈദ്യുതി ഇനത്തിൽ 4000 രൂപയോളം വരുമാനമാക്കി മാറ്റാനും, കൂടാതെ 2 ടൺ കാർബൺ ബഹിർഗമനം കുറയ്ക്കുവാനും സാധിക്കും. കാർബൺ ബഹിർഗമനമില്ലാത്തതും വേഗത്തിലുള്ള പാചകം ഉറപ്പു വരുത്തുന്നതുമായ വൈദ്യുത ഇൻഡക്ഷൻ കുക്കർ, ഇഡ്ഡലി കുക്കർ, പ്രഷർ കുക്കർ, മിൽക്ക് കുക്കർ ഉൾപ്പെടെ ഇൻഡക്ഷൻ കുക്കറുകളിൽ ഉപയോഗിക്കാവുന്ന പാത്രങ്ങൾ, ഊർജ്ജക്ഷമത കൂടിയ BLDC ഫാനുകൾ, LED ലൈറ്റുകൾ എന്നിവയാണ് പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്തത്.



ഊർജകാര്യക്ഷമമായ വൈദ്യുതോപകരണങ്ങളുടെ വിതരണോദ്ഘാടന ചടങ്ങിൽ വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി സംസാരിക്കുന്നു

# കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ 198 അങ്കണവാടികൾക്ക് വൈദ്യുതോപകരണങ്ങൾ വിതരണം ചെയ്തു

**കേ**രളത്തിലെ അങ്കണവാടികളെ ഊർജ്ജകാര്യക്ഷമമാക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) നടപ്പിലാക്കുന്ന അംഗൻ ജ്യോതി പദ്ധതിയുടെ ഭാഗമായി കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ 198 അങ്കണവാടികൾക്ക് വൈദ്യുത പാചക ഉപകരണങ്ങൾ വിതരണം ചെയ്തു. 2023 മെയ് 3 ന് ഇ.എം.സി.യിൽ വെച്ച് നടന്ന ചടങ്ങിൽ വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി ഉപകരണങ്ങളുടെ വിതരണോദ്ഘാടനം നിർവ്വഹിച്ചു. കഴക്കൂട്ടം എം.എൽ.എ. ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചടങ്ങിൽ ആധ്യക്ഷം വഹിച്ചു. പദ്ധതി നിലവിൽ വരുന്നതോടെ മുഴുവൻ അങ്കണവാടികളിലും ഗ്യാസ്, വിറകടുപ്പ് പാചകത്തിൽ നിന്നും വൈദ്യുതി ഉപയോഗിച്ചുള്ള പാചകത്തിലേക്ക് മാറും.



വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയിൽ നിന്നും അങ്കണവാടി ജീവനക്കാർ ഉപകരണങ്ങൾ ഏറ്റുവാങ്ങുന്നു

വൈദ്യുതി ഉപയോഗിച്ചുള്ള പാചകത്തിന് എല്ലാ അങ്കണവാടികളും സൗരോർജ്ജം ഉപയോഗിക്കുകയാണെങ്കിൽ വൈദ്യുതി രംഗത്ത് അത് ഒരു വലിയ നേട്ടമായിരിക്കുമെന്നും ഇതിനായി പഞ്ചായത്തുകളും എം.എൽ.എ.മാരും സഹകരിക്കണമെന്നും മന്ത്രി പറഞ്ഞു. അംഗൻജ്യോതി പദ്ധതിക്കായി കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ മുഴുവൻ അങ്കണവാടികളിലും എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സൗരോർജ്ജ സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതി ആവിഷ്കരിക്കുമെന്ന് ശ്രീ. കടകംപള്ളി സുരേന്ദ്രനും അറിയിച്ചു. വനിത–ശിശു വികസന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. അനീറ്റ ചടങ്ങിന് ആശംസ നേർന്നു. ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ സ്വാഗതവും രജിസ്ട്രാർ ശ്രീ. ബി. വി. സുഭാഷ് ബാബു നന്ദിയും പറഞ്ഞു.

## 'എന്റെ കേരളം' വാർഷികാഘോഷത്തിൽ ഇ.എം.സി. പ്രദർശനശാല

**സം**സ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോട് അനുബന്ധിച്ച് മുഴുവൻ ജില്ലകളിലും സംഘടിപ്പിച്ച 'എന്റെ കേരളം' മേളയിൽ ഇ.എം.സി. പ്രദർശന ശാലകളൊരുക്കി. ഇ.എം.സി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'അംഗൻ ജ്യോതി' പദ്ധതിയെ പരിചയപ്പെടുത്തുന്ന പ്രദർശനശാലകളാണ് മേളകളിൽ സജ്ജീകരിച്ചത്. മെയ് മാസത്തിൽ എട്ട് മേളകളിലാണ് പ്രദർശനശാലകളൊരുക്കിയത്. കേരളത്തിലെ മുഴുവൻ അങ്കണവാടികളെയും ഊർജകാര്യക്ഷമമാക്കുകയും ഊർജസ്വയംപര്യാപ്തമാക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് അംഗൻജ്യോതി പദ്ധതി ഇ.എം.സി. ആവിഷ്കരിച്ചത്. നിലവിൽ കഴക്കൂട്ടം, ചിറ്റൂർ എന്നീ രണ്ട് നിയോജമണ്ഡലങ്ങളിലെ മുഴുവൻ അങ്കണവാടികളെയും ഊർജകാര്യക്ഷമമാക്കുന്ന പദ്ധതി പൂർത്തിയായി.




## പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു




**ലൈ**ഫ്സ്റ്റൈൽ ഫോർ എൻവിറോൺമെന്റ് പദ്ധതിയുടെ ഭാഗമായി ഊർജസംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു. വീടുകളിലെയും സ്ഥാപനങ്ങളിലെയും കാര്യക്ഷമമായ ഊർജ ഉപഭോഗം, ഊർജകാര്യക്ഷമമായ ഉപകരണങ്ങളും അവയുടെ പ്രവർത്തനരീതികളും, ഊർജസ്വയംപര്യാപ്തത കൈവരിക്കാനുള്ള മാർഗങ്ങൾ തുടങ്ങിയ വിഷയങ്ങളിലൂന്നിയുള്ള ബോധവൽക്കരണ ക്ലാസുകളാണ് സംഘടിപ്പിക്കുന്നത്.

പരിപാടിയെ കുറിച്ചുള്ള മാർഗനിർദേശങ്ങൾ വായിക്കാൻ സന്ദർശിക്കുക: https://tinyurl.com/uz3ssyuw

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കു www.keralaenergy.gov.in

# കെട്ടിടങ്ങളിലെ ഊർജ്ജസംരക്ഷണത്തിനായുള്ള നിയമങ്ങൾ: തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു

**കെട്ടി**ടങ്ങളിലെ ഊർജ്ജസംരക്ഷണത്തിനായുള്ള നിയമങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനുമായി (കില) ചേർന്ന് വിവിധ ജില്ലകളിലായി ഇ.എം.സി. നടത്തിവന്ന പരിശീലന പരിപാടികൾ പൂർത്തിയായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കും (സീനിയർ ക്ലർക്ക്/ ക്ലർക്ക്), ഫ്രണ്ട് ഓഫീസ് ഉദ്യോഗസ്ഥർക്കും ആയാണ് "എനർജി കൺസർവേഷൻ ബിൽഡിങ് കോഡ് & ഇക്കോ നിവാസ് സംഹിത" എന്ന വിഷയത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചത്. ഏപ്രിൽ 25 മുതൽ മെയ് 27 വരെ നടന്ന 25 ബാച്ചുകളിലായി 2004 ഉദ്യോഗസ്ഥർ പരിശീലനം നേടി. ഇ.എം.സി. എംപാനൽ ചെയ്തിരിക്കുന്ന ബിൽഡിങ് എനർജി എഫിഷ്യൻസി എക്സ്പെർട്ടുകളായ (BEEE) ശ്രീമതി. ആഷിഖ സുൽത്താന, ശ്രീ. മനു മോഹൻ, ശ്രീ. ആന്റണി കെ. എൽ., ശ്രീ. ജയപ്രകാശ് വി., ശ്രീ. അസീം കെ., ശ്രീമതി. ഐശ്വര്യ ഭാസ്കർ, ശ്രീ. അഹമ്മദ് കബീർ, ശ്രീ. ജോസ് ഫിലിപ്പ് തുടങ്ങിയവർ വിവിധ പരിശീലന പരിപാടികളിലായി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി.

**വിവിധ ജില്ലകളിൽ ഇ.എം.സി. സംഘടിപ്പിച്ച കെട്ടിട നിർമാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട ഏകദിന പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ**

| നമ്പർ | തീയതി | വേദി |
|---|---|---|
| 1 | 25.04.2023 | കില, തൃശ്ശൂർ– ബാച്ച് 1 |
| 2 | 26.04.2023 | കില, തൃശ്ശൂർ– ബാച്ച് 2 |
| 3 | 03.05.2023 | ഗ്രാമീണ പഠന കേന്ദ്രം കരകുളം, തിരുവനന്തപുരം– ബാച്ച് 3 |
| 4 | 03.05.2023 | മുണ്ടക്കൽ സർവീസ് കോ–ഓപ്പറേറ്റീവ് ബാങ്ക്, മുണ്ടക്കൽ, കൊല്ലം– ബാച്ച് 4 |
| 5 | 04.05.2023 | ഗ്രാമീണ പഠന കേന്ദ്രം കരകുളം, തിരുവനന്തപുരം– ബാച്ച് 5 |
| 6 | 04.05.2023 | മുണ്ടക്കൽ സർവീസ് കോ–ഓപ്പറേറ്റീവ് ബാങ്ക്, മുണ്ടക്കൽ, കൊല്ലം– ബാച്ച് 6 |
| 7 | 05.05.2023 | പഴകുളം സോഷ്യൽ സർവീസ് സൊസൈറ്റി, അടൂർ, പത്തനംതിട്ട– ബാച്ച് 7 |
| 8 | 05.05.2023 | മുനിസിപ്പൽ ടൗൺ ഹാൾ, കായംകുളം, ആലപ്പുഴ– ബാച്ച് 8 |
| 9 | 06.05.2023 | പഴകുളം സോഷ്യൽ സർവീസ് സൊസൈറ്റി, അടൂർ, പത്തനംതിട്ട– ബാച്ച് 9 |
| 10 | 06.05.2023 | ഗാന്ധി സ്മാരക സേവാകേന്ദ്രം, കഞ്ഞിക്കുഴി, ആലപ്പുഴ– ബാച്ച് 10 |
| 11 | 09.05.2023 | ചൈതന്യ പാസ്റ്ററൽ സെന്റർ, ഏറ്റുമാനൂർ, കോട്ടയം– ബാച്ച് 11 |
| 12 | 09.05.2023 | കൊച്ചിൻ കോർപ്പറേഷൻ ടൗൺ ഹാൾ എറണാകുളം– ബാച്ച് 12 |
| 13 | 10.05.2023 | ചൈതന്യ പാസ്റ്ററൽ സെന്റർ, ഏറ്റുമാനൂർ, കോട്ടയം– ബാച്ച് 13 |
| 14 | 10.05.2023 | കൊച്ചിൻ കോർപ്പറേഷൻ ടൗൺ ഹാൾ എറണാകുളം– ബാച്ച് 14 |
| 15 | 11.05.2023 | ഗ്രീൻ റിഡ്ജ് ഹോളിഡേ ഹോം, മൂന്നാർ, ഇടുക്കി– ബാച്ച് 15 |
| 16 | 23.05.2023 | മാനന്തവാടി ക്ഷീര സംഘം ഹാൾ, വയനാട് – ബാച്ച് 16 |
| 17 | 23.05.2023 | റോയൽ റെസിഡെൻസി കാഞ്ഞങ്ങാട്, കാസറഗോഡ് – ബാച്ച് 17 |
| 18 | 24.05.2023 | സർഗ്ഗാലയ ക്രാഫ്റ്റ് വില്ലജ്, വടകര, കോഴിക്കോട് – ബാച്ച് 18 |
| 19 | 24.05.2023 | കൈരളി ഹെറിറ്റേജ് റിസോർട്ട്, കണ്ണൂർ – ബാച്ച് 19 |
| 20 | 25.05.2023 | സർഗ്ഗാലയ ക്രാഫ്റ്റ് വില്ലജ്, വടകര, കോഴിക്കോട്– ബാച്ച് 20 |
| 21 | 25.05.2023 | കൈരളി ഹെറിറ്റേജ് റിസോർട്ട്, കണ്ണൂർ – ബാച്ച് 21 |
| 22 | 26.05.2023 | ഡിസ്ട്രിക്റ്റ് പ്ലാനിംഗ് കമ്മിറ്റി ഹാൾ, മലപ്പുറം– ബാച്ച് 22 |
| 23 | 26.05.2023 | ഹോട്ടൽ ഗസാല, പാലക്കാട്– ബാച്ച് 23 |
| 24 | 27.05.2023 | ഡിസ്ട്രിക്റ്റ് പ്ലാനിംഗ് കമ്മിറ്റി ഹാൾ, മലപ്പുറം– ബാച്ച് 24 |
| 25 | 27.05.2023 | ഹോട്ടൽ ഗസാല, പാലക്കാട്– ബാച്ച് 25 |



വടകര സർഗ്ഗാലയ ക്രാഫ്റ്റ് വില്ലേജിൽ നടന്ന പരിശീലനം



കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ടൗൺ ഹാളിൽ നടന്ന പരിശീലനം

# ഊർജ്ജസംരക്ഷണ ശില്പശാലകൾ

**കേന്ദ്ര** വനം, പരിസ്ഥിതി, കാലാവസ്ഥാവ്യതിയാന മന്ത്രാലയത്തിന്റെയും നീതി ആയോഗിന്റെയും ആഭിമുഖ്യത്തിൽ രാജ്യത്താകമാനം നടന്നുവരുന്ന LiFE–Lifestyle for Environment ക്യാമ്പയിൻ ഇ.എം.സി.യുടെ നേതൃത്വത്തിൽ കേരളത്തിലും പുരോഗമിക്കുന്നു. ഗ്ലാസ്ഗോയിൽ നടന്ന COP26 ഉച്ചകോടിയിൽ വച്ച് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി സുസ്ഥിര വികസനം ലക്ഷ്യമിട്ട് പ്രഖ്യാപിച്ച പദ്ധതിയാണ് 'മിഷൻ ലൈഫ്.'

പ്രകൃതിയോടിണങ്ങിയ ജീവിതിരീതി പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ഊർജസംരക്ഷണത്തെ പ്രധാന വിഷയമാക്കിയുള്ള ബോധവൽക്കരണ ശില്പശാലകളാണ് ഇ.എം.സി.യുടെ നേതൃത്വത്തിൽ നടന്നുവരുന്നത്. മെയ് മാസത്തിൽ മാത്രം 431 ബോധവൽക്കരണ ശില്പശാലകൾ നടന്നു കഴിഞ്ഞു.



മലപ്പുറം ജില്ലയിലെ അക്കരപ്പീടികയിൽ നടന്ന ബോധവൽക്കരണ ക്ലാസിൽ നിന്നും

വീടുകളിലെയും സ്ഥാപനങ്ങളിലെയും കാര്യക്ഷമമായ ഊർജഉപഭോഗം, ഊർജ കാര്യക്ഷമമായ ഉപകരണങ്ങളും അവയുടെ പ്രവർത്തനരീതികളും, ഊർജസ്വയംപര്യാപ്തത കൈവരിക്കാനുള്ള മാർഗങ്ങൾ തുടങ്ങിയവ, പതിനായിരത്തിലേറെ വരുന്ന ബഹുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പരിചയപ്പെടുത്താൻ ഈ ക്യാമ്പയിനിലൂടെ സാധിച്ചു.

# എനർജി എഫിഷ്യന്റ് ബിൽഡിങ് സെല്ലിന്റെ ആഭിമുഖ്യത്തിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചു

**എനർജി** മാനേജ്മെൻറ് സെൻററിൽ പ്രവർത്തിക്കുന്ന എനർജി എഫിഷ്യന്റ് ബിൽഡിങ് സെല്ലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ബന്ധപ്പെട്ട മേഖലകളിൽ പ്രവർത്തിക്കുന്നവർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി അംഗീകാരം ഉള്ള ഇ.സി.ബി.സി. മാസ്റ്റർ ട്രെയിനർമാരാണ് പരിശീലനം നൽകിയത്. എനർജി കൺസർവേഷൻ ബിൽഡിങ് കോഡിനെ കുറിച്ചും ബിൽഡിങ് എനർജി സിമുലേഷൻ മുഖേന ഇ.സി.ബി.സി. ചട്ടങ്ങൾക്കനുസൃതമായി കെട്ടിടങ്ങൾ രൂപകല്പന ചെയ്യുന്നതിനെ കുറിച്ചും പരിശീലന പരിപാടികളിൽ വിശദീകരിച്ചു.

**എനർജി എഫിഷ്യന്റ് ബിൽഡിങ് സെല്ലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ**

| തിയതി | വേദി | പങ്കെടുത്തവർ |
|---|---|---|
| 02/05/2023 | എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുറ്റിപ്പുറം, മലപ്പുറം | എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ അധ്യാപകർ |
| 03/05/2023<br>04/05/2023 | ഹോട്ടൽ റിഡ്ജെസ് മലപ്പുറം | ഗ്രാജ്വേറ്റ് സിവിൽ എഞ്ചിനീയേഴ്സ് അസോസിയേഷൻ (GRACE) അംഗങ്ങൾ |
| 05/05/2023<br>06/05/2023 | ഹോട്ടൽ മറീന റെസിഡെൻസി, കോഴിക്കോട് | ഗ്രാജ്വേറ്റ് സിവിൽ എഞ്ചിനീയേഴ്സ് അസോസിയേഷൻ (GRACE) അംഗങ്ങൾ |
| 30/05/2023<br>31/05/2023 | ULCCS, കോഴിക്കോട് | ULCCS എഞ്ചിനീയർമാർ |


2023 മെയ് 30,31 തീയതികളിൽ കോഴിക്കോട് നടന്ന പരിശീലനം


2023 മെയ് 5,6 തീയതികളിൽ കോഴിക്കോട് നടന്ന പരിശീലനം



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256